**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 330** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>വനിതാ പോലീസുകാരുടെ എണ്ണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** പോലീസ് സേനയിൽ പുരുഷ - വനിതാ പൊലീസ് അനുപാതം നിലവിൽ എത്രയാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 15/01/2024-ലെ സ.ഉ.(കൈ)നം. 222/2024/ആഭ്യന്തരം പ്രകാരം പൊലീസ് സേനയിലെ വനിതാ പ്രാതിനിധ്യം 10 ശതമാനമായി നിലനിർത്തുന്നതിന് ഉത്തരവായിട്ടുള്ളതാണ്. അപ്രകാരം നിലവിൽ വനിതാ പോലീസ് കോൺസ്റ്റബിൾ കേഡറിലെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നത്, എല്ലാ ജില്ലകളിലെയും ബറ്റാലിയനുകളിലെയും പുരുഷ പോലീസ് കോൺസ്റ്റബിൾ ഒഴിവുകളും കൂടെ പരിഗണിച്ച് 9:1 എന്ന അനുപാതത്തിലാണ്.

**(ബി)** നിലവിൽ പല പോലീസ് സ്റ്റേഷനുകളിലും ആവശ്യത്തിന് വനിതാ പോലീസ് ഇല്ലാത്തതിനാൽ സ്ത്രീകളുടെയും കുട്ടികളുടെയും പരാതികളും മറ്റും കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം ഉയർത്താൻ പ്രത്യേക റിക്രൂട്ട്മെന്റ് നടത്തുമോ;

**<u>മറുപടി:</u>** പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം വർധിപ്പിക്കുന്നതിന്റെ ഭാഗമായി 30/01/2017 ലെ സ.ഉ.(കൈ) നം.15/2017/ആഭ്യന്തരം പ്രകാരം സംസ്ഥാനത്ത് ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്. നിലവിലുണ്ടായിരുന്ന 10 വനിതാ പോലീസ് സ്റ്റേഷനുകൾക്ക് പുറമേ 05/11/2019-ലെ സ.ഉ.(കൈ)നം.175/2019/ആഭ്യന്തരം പ്രകാരം പത്തനംതിട്ട, പാലക്കാട്, ഇടുക്കി, കാസർഗോഡ് ജില്ലകളിൽ നാല് വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്.

കൂടാതെ, 25/02/2021 തീയതിയിലെ സ.ഉ.(കൈ)നം.66/2021/ആഭ്യന്തരം പ്രകാരം അനുവദിച്ച KAP-6-ാം ബറ്റാലിയനായി ആദ്യഘട്ടത്തിൽ സൃഷ്ടിച്ച 100 പോലീസ് കോൺസ്റ്റബിൾ തസ്തികകളിൽ 25 എണ്ണം വനിതകൾക്കായി സംവരണം ചെയ്തിട്ടുണ്ട്.

വനിതാ പ്രാതിനിധ്യം വർധിപ്പിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**(സി)** സ്ത്രീ പങ്കാളിത്തമുള്ള വലിയ സമരങ്ങളോ പ്രതിഷേധങ്ങളോ ഉണ്ടാകുമ്പോൾ ക്രമസമാധാന പാലനത്തിന് വനിതാ പോലീസുകാർ അത്യന്താപേക്ഷിതമാണെന്ന കണ്ട് സംസ്ഥാന പോലീസ് സേനയിൽ വനിതാ പോലീസുകാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ?

**<u>മറുപടി:</u>** പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം വർധിപ്പിക്കുന്നതിന്റെ ഭാഗമായി 30/01/2017 ലെ സ.ഉ.(കൈ) നം.15/2017/ആഭ്യന്തരം പ്രകാരം സംസ്ഥാനത്ത് ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്. നിലവിലുണ്ടായിരുന്ന 10 വനിതാ പോലീസ് സ്റ്റേഷനുകൾക്ക് പുറമേ 05/11/2019-ലെ സ.ഉ.(കൈ)നം.175/2019/ആഭ്യന്തരം പ്രകാരം പത്തനംതിട്ട, പാലക്കാട്, ഇടുക്കി, കാസർഗോഡ് ജില്ലകളിൽ നാല് വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്.

കൂടാതെ, 25/02/2021 തീയതിയിലെ സ.ഉ.(കൈ)നം.66/2021/ആഭ്യന്തരം പ്രകാരം അനുവദിച്ച KAP-6-ാം ബറ്റാലിയനായി ആദ്യഘട്ടത്തിൽ സൃഷ്ടിച്ച 100 പോലീസ് കോൺസ്റ്റബിൾ തസ്തികകളിൽ 25 എണ്ണം വനിതകൾക്കായി സംവരണം ചെയ്തിട്ടുണ്ട്.

വനിതാ പ്രാതിനിധ്യം വർധിപ്പിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**